# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 110 — 28.01.2019-ൽ മറുപടിക്ക്

## ശബരിമല യുവതി പ്രവേശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.ഹൈബി ഈഡൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമല തീർത്ഥാടന കാലത്ത് നിലക്കൽ-പമ്പ റൂട്ടിൽ സ്വകാര്യ വാഹനങ്ങൾ അനുവദിക്കരുതെന്ന സർക്കാർ നയം കേരള ഹൈക്കോടതി അംഗീകരിച്ചിരുന്നുവോ എന്ന് വ്യക്തമാക്കാമോ; | (എ) അംഗീകരിച്ചിരുന്നു. |
| (ബി) എങ്കിൽ പ്രസ്തുത നയത്തിന് വിരുദ്ധമായി മനിതി പ്രവർത്തകരുടെ സംഘത്തെ സ്വകാര്യ വാഹനത്തിൽ നിലക്കലിൽ നിന്നും പമ്പയിൽ കൊണ്ടുവന്നിരുന്നുവോ; എങ്കിൽ അത് ആരുടെ നിർദ്ദേശപ്രകാരമായിരുന്നു; | (ബി) ചിത്തിര ആട്ട വിശേഷത്തിനും മറ്റും ശബരിമല നട തുറന്ന സമയം ബഹു. സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ചിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദർശനത്തിന് എത്തിയ യുവതികളെയും, മാധ്യമ പ്രവർത്തകരെയും മറ്റും തടയുകയും അവരെ അക്രമിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ ദർശനത്തിന് എത്തിയ യുവതികൾക്ക് സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായിട്ടാണ് നിലയ്ക്കലിൽ നിന്നും പമ്പയിലേയ്ക്ക് പോകാൻ പോലീസ് അനുമതി നൽകിയത്. |
| (സി) ശബരിമലയിൽ മണ്ഡല-മകര വിളക്ക് കാലത്ത് യുവതികൾ | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

ഒളിച്ചും, പ്രായമായവരുടെ വേഷത്തിലും ദർശനം നടത്തിയിരുന്നുവോ; എങ്കിൽ അപ്രകാരം പ്രവേശിക്കുന്നതിന് ഒത്താശ നൽകിയത്ആരാണ് എന്ന് വെളിപ്പെടുത്താമോ;

(ഡി) ശബരിമലയിൽ യുവതികൾ പ്രവേശിപ്പിച്ചതിന് പിന്നിൽ രഹസ്യ അജണ്ട ഉണ്ടോ എന്ന കേരള ഹൈക്കോടതിയുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) അന്വേഷണം നടത്തിയിട്ടില്ല .

(ഇ) വിശ്വാസികളായ തീർത്ഥാടകർക്കുള്ള സ്ഥലമായ ശബരിമല ആക്ടിവിസ്റ്റുകൾക്കും അവിശ്വാസികൾക്കും കയറി പ്രകടനം നടത്തുവാനുള്ള സ്ഥലമായി മാറി എന്ന ആക്ഷേപം ഉണ്ടാകാനിടയായത് ഏത് സാഹചര്യത്തിലാണെന്ന് വിശദമാക്കുമോ?

(ഇ) ഇത്തരം പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ